# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3975 27/06/2012 ൽ മറുപടിക്ക്

### മരുന്ന സംഭരണവും സൂക്ഷിപ്പിനമുള്ള സംവിധാനം

ചോദ്യം

ശ്രീ. കെ. ദാസൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം മരുന്ന് സംഭരണവും സൂക്ഷിപ്പും മേഖലയിൽ ഏർപ്പെടുത്തിയ/ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | • തിരുവനന്തപുരം, എറണാകുളം വെയർഹൌസുകൾ പൂർണ്ണമായും ആധുനിക വൽക്കരിച്ചു.<br>• പാലക്കാട് വെയർഹൌസിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്<br>• Total Automation Solution for KMSCL (TASK) എന്ന പേരിൽ മരുന്നുകളുടെ സംഭരണത്തിനും വിതരണത്തിനുമായി പൂർണ്ണമായും ഫ്രീസോഫ്റ്റ്വെയറിൽ സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തു.<br>• 46,391 ചതുരശ്ര അടിയിലുള്ള വെയർഹൌസ് സ്ഥലം പല ജില്ലകളിലായി സെൻട്രൽ വെയർ ഹൌസിംഗ് കോർപ്പറേഷന്റെയും സംസ്ഥാന വെയർ ഹൌസിംഗ് കോർപ്പറേഷന്റെയും കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്തു.<br>• 5 ആധുനിക വെയർഹൌസുകൾ നിർമ്മിക്കാനായി കേന്ദ്ര സർക്കാരിൽ നിന്നും 25 കോടി രൂപ ലഭ്യമാക്കി. ഇവ നിർമ്മിക്കേണ്ട സ്ഥലം കണ്ടെത്തുകയും അവയുടെ നിർമ്മാണത്തിന്റെ ഡിസൈൻ അവസാന ഘട്ടത്തിലുമാണ്. |

| | | | |
|---|---|---|---|
| | | | • ടെൻഡർ നടപടികൾ സമൂലം പരിഷ്ക്കരിച്ചു. ടെൻഡറുകളിൽ താഴെപറയുന്ന സുപ്രധാനമാറ്റങ്ങൾ കൊണ്ടുവന്നു.<br><br>➢ കാലാകാലങ്ങളിൽ മതിയായ ഉല്പാദനശേഷിയില്ലാത്ത കമ്പനികൾ ടെൻഡറുകളിൽ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തി ഓർഡർ നേടുകയും എന്നാൽ പിന്നീട് അവർക്ക് അതിന് കഴിയാതെ വരുകയും ചെയ്തിരുന്നു. ഇത് ഒഴിവാക്കാനായിട്ടാണ് "Monthly Product Mix and Assured Supply Schedule" (MPMASS) എന്നൊരു പുതിയ ആശയം കൊണ്ടുവന്നത്. ഇതനുസരിച്ച് മൊത്തം ഓരോ ഇനത്തിന്റെയും ടെൻഡേർഡ് ക്വാണ്ടിറ്റിയുടെ 15% ഒരു മാസം നൽകാൻ കഴിവില്ലാത്ത കമ്പനികളെ ടെക്നിക്കൽ ബിഡ് ഘട്ടത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.<br>➢ നേരിട്ട് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പാദകർക്കുപകരം കോൺട്രാക്ട് ഉല്പാദകരെയും, ലോൺ ലൈസൻസിയെയും ടെൻഡറിൽ പങ്കെടുക്കുന്നതിന് അനുവദിച്ചു. |
| (ബി) | ഈ മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുമോ;<br>വിശദമാക്കുമോ; | (ബി) | എ.ജി യുടെ ആഡിറ്റ്, ഇന്റേണൽ ആഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് എന്നിവ കാലാകാലങ്ങളിൽ നടത്തുകയും കമ്പനിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | മരുന്നുകൾ സൂക്ഷിക്കാൻ സൗകര്യമില്ലാത്തതിനാൽ മരുന്നുകൾ നശിക്കുന്നു എന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എം.ഡി മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മരുന്ന് സംഭരണ ത്തിലും സൂക്ഷിപ്പിലും ഉള്ള ഈ പോരായ്മ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ തന്നെ 46391 ചതുരശ്ര അടിയിൽ വാടകയ്ക്ക് എടുത്തിട്ടാണ് സംഭരണ സ്ഥലത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നത്. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിന്റെ (ACA) ഫണ്ട് ഉപയോഗിച്ച് 5 വെയർഹൌസുകൾ നിർമ്മിക്കുന്നതാണ്. ഇതുകൂടാതെ 8 ജില്ലകളിൽ ഇനിയും വെയർഹൌസുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. അതിനായി നബാർഡിനെ (NABARD) സമീപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ